ട്രാക്കോ കേബിൾസിനു ലഭിച്ച ഓർഡർ

12 (3082) ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാക്കോ കേബിൾസിന് എന്തു തുകയ്ക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്;

(ബി) ട്രാക്കോ കേബിൾസ് പുനരുദ്ധരിക്കുവാൻ എന്തെങ്കിലും പാക്കേജ് കമ്പനി മാനേജ്മെന്റ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ ഗവൺമെന്റ് എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനിക്ക് മുന്നൂറു കോടി എൺപത്തിമൂന്നു ലക്ഷത്തി മുപ്പതിനായിരത്തി നാന്നൂറ്റി അറി പത്തിരണ്ട് രൂപയ്ക്കുള്ള (300,83,30,462/- രൂപ) ഓർഡർ ലഭിച്ചിട്ടുണ്ട്.

(ബി)-(സി) ധനകാര്യ സ്ഥാപനങ്ങൾക്കുള്ള ഓ.റ്റി.എസ്. (വൺ ടൈം സെറ്റിൽമെന്റ്) നടപ്പാക്കുന്നതിലേയ്ക്ക് കമ്പനി സമർപ്പിച്ചിട്ടുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

വെൽഡിംഗ് ഇലക്ട്രോഡുകൾ വാങ്ങിയതിലുള്ള ക്രമക്കേടുകളെ കുറിച്ച് പരാതി

13 (3083) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിയ്ക്ക് വേണ്ടി വെൽഡിംഗ് ഇലക്ട്രോഡുകൾ വാങ്ങിയതിനുള്ള ക്രമക്കേടുകളെ കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയ ഏതെങ്കിലും ഡീലറിൽ നിന്ന് വെൽഡിംഗ് ഇലക്ട്രോഡുകൾ വാങ്ങിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് കമ്പനി വിജിലൻസ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിയ്ക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly